പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

19/10/2016-ൽ മറുപടിയ്ക്ക്.

**നക്ഷത്രചിഹ്നമിടാത്ത**

**നിയമസഭാ ചോദ്യം നമ്പർ. 3398**

## ക്ഷീര കർഷക സംരക്ഷണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ.കെ. രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) | കേരളത്തിലെ പ്രത്യേക സാഹചര്യത്തിൽ, തൊഴിലുറപ്പ് പദ്ധതിയിൽ ക്ഷീര കർഷകരെക്കൂടി ഉൾപ്പെടുത്തുന്ന കാര്യം തദ്ദേശ ഭരണ വകുപ്പിലേക്ക് ശുപാർശ ചെയ്യുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ; | (എ) ക്ഷീര കർഷകരെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപെടുത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ അനുകൂല നടപടി ഉണ്ടാകുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ് |
| (ബി) | ക്ഷീര കർഷക സംരക്ഷണത്തിനായി കാലിത്തീറ്റയുടെ ലഭ്യതയും 50% സബ്സിഡിയും നൽകുന്ന കാര്യം സർക്കാർ പരിഗണിക്കുമോ; | (ബി) കാലിത്തീറ്റയുടെ ലഭ്യത ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ക്ഷീര സംഘങ്ങളിൽ അളക്കുന്ന പാലിന് ആനുപാതികമായി ലിറ്ററിന് ഒരു രൂപ നിരക്കിൽ കാലിതീറ്റയ്ക്ക് സബ്സിഡി നൽകി വരുന്നുണ്ട്. കാലിത്തീറ്റ സബ്സിഡി ഉയർത്തുന്ന കാര്യം സർക്കാർ പരിശോധിച്ച് വരുന്നു. |
| (സി) | മൃഗങ്ങളിൽ സാംക്രമിക രോഗങ്ങൾ പടർന്നു പിടിക്കുന്നതു തടയാൻ തക്ക സമയത്ത് പ്രതിരോധ പ്രവർത്തനം നടത്തുന്നതിന് സർക്കാർ സ്വീകരിച്ചിരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ ? | (സി) മൃഗങ്ങളെ ബാധിക്കുന്ന പ്രധാന സാംക്രമിക രോഗങ്ങളെ പ്രതിരോധിയ്ക്കുന്നതിന് അനിമൽ ഡിസീസ് കൺട്രോൾ പദ്ധതി (ADCP) പ്രകാരം ചിട്ടയായ വാക്സിനേഷൻ കാലകാലങ്ങളിൽ നടത്തിവരുന്നുണ്ട്. കൂടാതെ രോഗബാധ തടയുന്നതിന് ആവശ്യമായ ശുചിത്വം പാലിക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങളും അണുനശീകരണത്തിന് ആവശ്യമായ ബോധവൽക്കരണവും മൃഗസംരക്ഷണവകുപ്പിന്റെ സ്ഥാപനങ്ങൾ മുഖേന കർഷകർക്ക് നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ